# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2122** **11/06/2018-ൽ മറുപടിക്ക്**

## പകർച്ചരോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് നിപ വൈറസ് മൂലം മരണപ്പെട്ട രോഗികളുടെ പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | എ) ലഭ്യമായിട്ടുണ്ട്. 6/6/2018 തീയതി രാവിലെ 10 മണിയുള്ള റിപ്പോർട്ട് പ്രകാരം 275 പേരുടെ സാമ്പിളുകൾ പരിശോധിച്ചതിൽ 18 പേർക്ക് നിപ വൈറസ് സ്ഥിരീകരിച്ചിട്ടുണ്ട്. |
| ബി) ഇത്തരം വൈറസുകൾ പടർന്നു പിടിക്കാതിരിക്കുവാൻ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ മുൻകരുതലുകൾ എടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | ബി) വീഴ്ച ഉണ്ടായിട്ടില്ല. |
| സി) മഴക്കാല രോഗങ്ങൾ പടരാതിരിക്കുവാൻ ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും ആയതിൻമേലുള്ള ഡി.എം.ഒ മാരുടെ റിപ്പോർട്ടും ജില്ല തിരിച്ച് ലഭ്യമാക്കുമോ ; | സി) പകർച്ചവ്യാധി പ്രതിരോധപ്രവർത്തനത്തിന്റെ ഭാഗമായി ബഹു.മുഖ്യമന്ത്രിയുടെയും ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെയും നിർദ്ദേശാനുസരണം 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു പകർച്ചവ്യാധി പ്രതിരോധ/നിയന്ത്രണ കർമ്മ-പരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത്. ആർദ്രം മിഷന്റെയും പ്രവർത്തനങ്ങളുമായി സഹകരിച്ച് ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യ-പ്രവർത്തകരും ആരോഗ്യജാഗ്രതയോടൊപ്പം പ്രതിദിനം പ്രതിരോധം നടത്തുക വഴി പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br>ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയം ഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തു വരുന്നു. വ്യക്തി ശുചിത്വം, പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ |

വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡ് തല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ-നിരീക്ഷണവും കൊതുകുനിരീക്ഷണവും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യു സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചു വരുന്നു. കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യു സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐഎസ്എസ്), വീടിനു പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് ചെയ്തു വരുന്നുണ്ട്. ആരോഗ്യപ്രവർത്തകർക്ക് ആവശ്യമായ കൈപ്പുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘു-ലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

മഴക്കാല രോഗങ്ങൾ പടരാതിരിക്കുവാൻ സ്വീകരിച്ച നടപടികളിന്മേലുള്ള ഡി.എം.ഒ മാരുടെ ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.

| | |
|---|---|
| ഡി) സ്ഥിരമായി മഴക്കാല രോഗങ്ങൾ പടരുന്ന സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ; | ഡി) ഉണ്ട്. എല്ലാ ജില്ലകളിലും ഹൈറിസ്ക് ഏരിയകൾ കണ്ടെത്തിയിട്ടുണ്ട്. മുൻവർഷങ്ങളിൽ രോഗങ്ങൾ കൂടുതലായി |

വ്യക്തമാക്കുമോ ;

റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതും, കൊതുക് സാന്ദ്രത കൂടുതലുള്ളതും, ശുദ്ധജലം കുറഞ്ഞതുമായ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഹൈറിസ്ക് ഏരിയകൾ ആയി കണക്കാക്കുന്നു.

**ഇ)** ആരോഗ്യവകുപ്പും തദ്ദേശ സ്വയംഭരണവകുപ്പും ഈ വിഷയത്തിൽ നടത്തിയ മുന്നൊരുക്കങ്ങൾ സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ ;

**ഇ)** സംസ്ഥാനത്ത് പകർച്ചവ്യാധി വ്യാപനം തടയുന്നതിനായി ആരോഗ്യവകുപ്പും, ആർദ്രം മിഷനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് ജനുവരി മുതൽ ഡിസംബർ വരെ ആരോഗ്യ ബോധവത്കരണ പരിപാടിയായ "ആരോഗ്യജാഗ്രത" നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി വഴി സംസ്ഥാനത്ത് മുഖ്യ ആരോഗ്യപ്രശ്നമായി മാറിക്കൊണ്ടിരിക്കുന്ന പകർച്ചവ്യാധികളായ കൊതുക് ജന്യരോഗങ്ങളും, ജലജന്യ രോഗങ്ങളും പ്രതിരോധിക്കുവാനും നിയന്ത്രിക്കുവാനും കഴിയും. ആരോഗ്യത്തെ നിർണ്ണയിക്കുന്ന പ്രധാന സാമൂഹ്യ ഘടകങ്ങളായ പരിസര ശുചീകരണം, മാലിന്യനിർമ്മാർജ്ജനം, കൊതുക് നിയന്ത്രണം, കുടിവെള്ള ശുചിത്വം തുടങ്ങിയവ ഉറപ്പ് വരുത്തുവാൻ വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട വകുപ്പുകളും ചിട്ടയായ രീതിയിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൊതുക് സാന്ദ്രത കുറയ്ക്കുവാനും അതുവഴി കൊതുക്ജന്യ രോഗങ്ങൾ നിയന്ത്രിക്കുവാനും മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഇടതടവില്ലാതെ ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തുന്നതിനും ജന്തുജന്യരോഗ സാദ്ധ്യത കുറയ്ക്കുന്നതിനും ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യപരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും, ഭക്ഷ്യവിഷബാധകൾ ഒഴിവാക്കുന്നതിനും ഓരോ വകുപ്പുകളും നിർബന്ധമായും അനുഷ്ഠിക്കേണ്ട ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. ഓരോ വകുപ്പിലും നിലവിലുള്ള നിയമങ്ങൾ (പഞ്ചായത്തിരാജ് നിയമം, മുനിസിപ്പൽ നിയമം, തിരു-കൊച്ചി പൊതുജനാരോഗ്യ നിയമം, മദ്രാസ് പൊതുജനാരോഗ്യ നിയമം, ഭക്ഷ്യസുരക്ഷാ നിയമം, ജലനിയമം) ഉൾപ്പെടുത്തിയിട്ടുള്ള ഹെൽത്തി കേരള പരിശോധനകളും ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| **എഫ്)** | തദ്ദേശ സ്വയംഭരണ വകുപ്പിലെ ആരോഗ്യ പ്രവർത്തകരുടെയും ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും കൂട്ടായ പ്രവർത്തനം നടത്തുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ? | **എഫ്)** | പകർച്ചവ്യാധി വ്യാപനം തടയുന്നതിനായി ആരോഗ്യവകുപ്പ്, ആർദ്രം മിഷനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് കൂട്ടായ പ്രവർത്തനമാണ് ഇപ്പോൾ നടത്തി വരുന്നത്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## തിരുവനന്തപുരം

മഴക്കാല രോഗങ്ങൾ പടരാതിരിക്കുവാൻ 2018 ജനുവരി 1 മുതൽ ആരോഗ്യജാഗ്രതയുടെ ഭാഗമായി കൃത്യവും സമയബന്ധിതവുമായ പ്രവർത്തനങ്ങൾ വാർഡ്തലത്തിൽ ആസൂത്രണം ചെയ്ത് നടത്തി വരുന്നു. കൂടാതെ മഴക്കാല പൂർവ്വശുചീകരണം ജില്ലാ തലത്തിൽ നടത്തിവരുന്നു.

## കൊല്ലം

എല്ലാ പി.എച്ച്.സി, സി.എച്ച്.സി തലങ്ങളിലും സംസ്ഥാന സർക്കാരിന്റെ 'ജാഗ്രതാ പരിപാടി' നടപ്പിലാക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് നടത്തിയതിന്റെ വിശദമായ റിപ്പോർട്ടുകളും ജില്ലാ മെഡിക്കൽ ഓഫീസർക്ക് ലഭിക്കുകയുണ്ടായി. കൊതുകുറവിടനശീകരണം ശക്തിപ്പെടുത്തി. Dengue Case -കൾ കണ്ട സ്ഥലത്ത് ISS ഉം Fogging ഉം നടത്തിവരുന്നു. Spot fine ഈടാക്കുന്നതിന് പഞ്ചായത്ത് രാജ് ഉപയോഗിക്കാനും ശക്തമായ നടപടികൾ എടുക്കാനും കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പഞ്ചായത്ത്/മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി. കിഴക്കൻ മേഖലയിൽ കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്നിടത്ത് ദുരന്ത നിവാരണ ആക്ടിൽ നടപടി എടുക്കാൻ തീരുമാനമായി. ഫോഗിംഗ് മെഷീൻ റിപ്പയർ നടത്തി. സമയബന്ധിതമായി Anti mosquito, Anti larval chemicals, അവശ്യമരുന്നുകൾ, പരിശോധനാ സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കി. Fever O.P, Fever ward തുടങ്ങി. Treatment Protocol എല്ലാ സ്വകാര്യ സർക്കാർ ഡോക്ടർമാർക്ക് പരിചയപ്പെടുത്താൻ നിർദ്ദേശം നൽകി.

2/ന്നന്നംത്

# Arogya Jagratha - PTA 2018

## January, 2018:

- **District level meeting** for Health Supervisory Staff on 27-12-2017 at Collectorate conference hall
- **District level Intersectoral meeting** on 30-12-17 at Collectorate conference hall
- District level Minister's Intersectoral co-ordination meeting was held at Conference Hall, Hotel Hill Park, Kumbazha on 03-01-18 under the chairmanship of Sri. Mathew T Thomas, Hon. Minister for water resources
- Meeting for Rubber Plantation owners and Plantation corporation officials at collectors chamber on 04-01-18
- Meeting for Contractors and Officials of Labour Department at Collectors Chamber, Collectorate on 04-01-18
- Trainings For all category of Staffs completed
- Half day sensitisation Training on **Arogya Jagratha** was done at Koipuram block on 17-01-18 and 18-01-18 for all Gram Panchayath presidents, Health standing committee members and other members of the district
- All municipality level meetings on **Arogya Jagratha** sensitisation was completed
- Ward level Microplan for Arogya Jagratha programme for the year 2018 was prepared in all Panchayath and municipality
- Campaign mode House visits and dry container elimination campaign was done on 21-01-18 in all block of the district covering 870 wards, 1,47,111 houses and 175 institutions.
- **Arogya Sandhesha yathra** conducted throughout the district in campaign mode from 22-01-18 to 27-01-18
- District Level training for Private Medical practitioners on Treatment Protocol at Collectorate Conference Hall, Pathanamthitta on 25-01-2018
- District level meeting of HODs f Zoology department for using students of colleges for Vector index monitoring on 27-01-18 at 3pm Collector's chamber

**February, 2018:**

- **Healthy Kerala 2018 (Arogya Jagratha)** Hotel Inspection was conducted in Pathanamthitta District on 09-02-2018. 79 Public Health notices were issued to 48 hotels, 21 bakeries, 17 coolbars and 4 thattukadas
- Training on **Vector Index Monitoring** for Zoology students was held at conference Catholicate college PTA on 15-02-18.
- Vector Index Survey started on 24-02-18
- Healthy Kerala- 2018– inspection of Migrant Camps and their dwelling places was carried out in the district on 17-02-18 covering 244 migrant dwelling areas and buildings. 26 PH notices were issued.
- Dengue High risk Mapping done in all respective PHC / CHC areas.
- Integrated Vector Management (IVM) in these areas conducted from 15th to 28th February, 2018
- **Healthy Kerala 2018 (Arogya Jagratha)**- Inspection of Houses, Plantations and Buildings was held in the district in 2 phases-
  - Phase 1- on 20-02-2018 covering 3844 houses, 190 buildings, 190 plantations, 110 construction sites and 101 migrant dwelling places. 13 houses, 13 buildings, 6 plantations, 2 construction sites and 3 migrant sites were issued public health notices.
  - Phase 2- on 24-02-2018 covering 4177 houses, 217 buildings, 137 plantations, 141 construction sites and 92 migrant dwelling places. 19 houses, 4 buildings, 3 plantations, 6 construction sites and 4 migrant sites were issued public health notices.

**March, 2018:**

- Safe water Campaign was held in the district from March 22nd and will continue till April 15th, 2018
- Dry Day Observation was done in Offices, Govt. and Private buildings, Schools and Houses on Fridays, Saturdays and Sundays respectively
- Tainings for all categories of staff was completed

## April, 2018:

- Safe water Campaign was held in the district from March 22nd till April 15th, 2018 where 358 migrant sites, 16 fairs and festivals, 66 pumphouses, 118 tanker lorries and 576 eateries were inspected. 15002 wells chlorinated. 1086 ORS packets and 84 zinc tablets distributed for ADD cases and 333 sensitisation classes conducted throughout the district regarding control of water borne diseases
- World Health Day- Cleaning of Public places and govt health institutions on 07-04-2018 and Dry Day House Visits on 08-04-2018 - 46 hospitals, 208 schools, 294 govt offices, 194 private offices, 77 industries (small scale), 15 police stations, 53 markets 61929 houses were visited and source reduction and cleaning activities were initiated. District level inauguration and Rally at Elanthoor Block
- Move to Plantation campaign- Phase -1 on 10-04-2018 covering 398 plantations of the district
- Dry Container and Key containers Elimination campaign – PHASE 1 on 12-04-2018 and 13-04-2018 covering 533 plantations, 621 buildings, 69079 houses. 36 PH notices issued.
- Move to Plantation campaign- Phase -2 on 17-04-2018 covering 324 plantations of the district
- Dry Container and Key containers Elimination campaign – PHASE 2 on 19-04-2018 and 20-04-2018 covering 335 plantations, 607 buildings, 61646 houses. 27 PH notices issued
- Healthy Kerala- Migrant camps inspection on 21-04-2018
- Chlorination of all wells in Panchayaths / Municipality- Phase -1 on 24-04-2018
- World Malaria Day observance on 25-04-2018
- Dry Container and Key containers Elimination campaign – PHASE 3 on 26-04-2018 and 27-04-2018

## May 2018

- District Level Inauguration of Malaria Elimination Programme was held in the district on 02-05-2018 under the presence of Hon. Minister i/c of the district Shri. Mathew T Thomas at Hotel Hill Park, Kumbazha Pathanamthitta. All Line department official Heads attended the meeting with all Health staff.
- A Workshop on Malaria Elimination was also held on the same day for all Department heads and Health staff of institutions
- An Review meeting of Jagratha with all Municipality Chairpersons / Panchayath presidents / secretaries was held in the district on 07-05-2018
- Doctors Workshop on Malaria Elimination and treatment protocol on Dengue and Other vector Borne Diseases was held in the district at KGMOA Hall PTA on 09-05-2018
- Intersectoral co-ordination meeting on Arogya Jagratha and NDD Observations and Control of VBDs held at Panchayath Conference hall on 14-05-2018
- District Level Review of Jagratha activities and Workshop on Control of Dengue and other VBDs for Supervisory Health Staff and Field staff was held at Panchayath Conference hall on 15-05-2018
- District level inauguration of NDD Observance at Kulasekharapathy Pathanamthitta Muncipality by municipality chairperson on 16-05-2018. Source reduction activities were done throughout the district

- Clean Public place campaign District level inauguration done at Pandalam municipality area on 17-05-2018 under the presence of Municipality chairpersons and active involvement of pandalam PHC health staff, Kudumbasree unit of the area and other municipal staffs
- Move to Plantation campaign was done throughout the district on 18-05-2018
- Institution cleaning and visit was done throughout the district on 19-05-2018
- Campaign level House visits and source reduction activities were done throughout the district on 20-05-2018

## Activities planned-

- May 24- Healthy Kerala- Inspection of Houses, Plantations, Schools and buildings
- May 26- Healthy kerala Inspection of Eateries
- May 29- Healthy Kerala- Inspection of Schools

## June:

- June 3rd- campaign Dry Day observance at Houses
- June 5th- Key containers elimination campaign
- June 6th- CME on treatment protocols of all Major communicable diseases for Medical officers
- June 6th- Campaign mode Health assemblies at all schools
- June 7th- CME on IDSP Reporting and treatment protocols of all Major communicable diseases for Private Medical Practitioners
- June 7th- Clean Public Place campaign
- June 12th- Health Kerala Inspection Migrant sites
- June 14th- Move to plantation
- June 19th- Health Kerala- Inspection of Houses, Plantations and buildings
- June 21st – Campaign mode Chlorination activities, inspection of tanker lorries, pumping stations
- June 22nd- Dry Day observance at schools
- June 23rd – Dry Day observance at Offices and institutions
- June 24th- Dry day at houses
- June 28th – Healthy Kerala- Inspection of Eateries

## ആലപ്പുഴ

2018 ജനുവരിയിൽ ജില്ലയിലെ മുഴുവൻ വാർഡുകളിലും വാർഡ് തല ശുചിത്വ കമ്മിറ്റികൾ ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടു കൂടി ജാഗ്രത പകർച്ചവ്യാധി നിയന്ത്രണ പരിപാടികളുടെ മൈക്രോപ്ലാൻ തയ്യാറാക്കി.

ജനുവരി 21 ന് ആരോഗ്യജാഗ്രത ഗൃഹസന്ദർശനം നടത്തി. 72 പഞ്ചായത്തുകളിലും 6 മുനിസിപ്പാലിറ്റികളിലും ആയി 449358 വീടുകൾ സന്ദർശിച്ച് കൊതുകിന്റെ ഉറവിട നശീകരണം ഉൾപ്പെടെയുള്ള പരിപാടികൾ നടത്തി.

ഫെബ്രുവരി മാസത്തിൽ ജില്ലയിൽ എമ്പാടും ജാഗ്രത ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി.

ഫെബ്രുവരി 9-ാം തീയതി പൊതുസ്ഥലങ്ങൾ, മാർക്കറ്റുകൾ, സ്ഥാപനങ്ങൾ എന്നിവയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.

ഫെബ്രുവരി 17-ാം തീയതി ആരോഗ്യജാഗ്രത ദിനം ആചരിച്ചു. ഡ്രൈഡേ ആചരിച്ചു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ ശുചീകരണം നടത്തി. 2018 മാർച്ച് മാസത്തിൽ കഴിഞ്ഞ വർഷം ഡെങ്കിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ കൊതുകിന്റെ ഊർജ്ജിത ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തി.

ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജനപ്രതിനിധികളെ ഉൾപ്പെടുത്തി പകർച്ചവ്യാധി നിയന്ത്രണവുമായി ബന്ധപ്പെട്ട മീറ്റിംഗ് സംഘടിപ്പിച്ച് പ്രവർത്തന കലണ്ടർ തയ്യാറാക്കി.

കൊതുകജന്യരോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ കഴിഞ്ഞ കാലങ്ങളിൽ കൊതുകജന്യരോഗങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ പ്രത്യേക പരിഗണന നൽകി കൊതുകിന്റെ സാന്ദ്രതാ പഠനം സംഘടിപ്പിക്കുകയും സാന്ദ്രത കൂടുതൽ ഉള്ള സ്ഥലങ്ങളിൽ കൊതുകിന്റെ ഉറവിടനശീകരണ പ്രവർത്തനം ആവർത്തിച്ച് നടത്തി സാന്ദ്രത കുറച്ച് രോഗവ്യാപനം നിയന്ത്രിച്ചു. ജില്ലയിൽ കൊതുകജന്യ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ട പ്രദേശങ്ങളിൽ ഉറവിടനശീകരണ പ്രവർത്തനം, കൊതുകിന്റെ കൂത്താടി നാശിനി തളിക്കൽ, ഫോഗിംഗ് എന്നീ പ്രവർത്തനങ്ങൾ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെയും അതാത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും നേതൃത്വത്തിൽ നടത്തി.

എലിപ്പനി രോഗനിയന്ത്രണത്തിനായി ജലവുമായി ബന്ധപ്പെട്ട് ജോലികളിൽ ഏർപ്പെടുന്നവർ, തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുന്നവർ എന്നിവർക്ക് എലിപ്പനി പ്രതിരോധ ഗുളികകൾ അതാത് ആശുപത്രികൾ വഴി വിതരണം ചെയ്തുവരുന്നു. ടി വിഭാഗത്തിൽപ്പെട്ടവർക്ക് എലിപ്പനി പ്രതിരോധത്തെക്കുറിച്ച് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു

ജില്ലയിൽ ജലജന്യരോഗങ്ങൾ തടയുന്നതിനായി ക്ലോറിനേഷൻ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഭക്ഷണശാലകളിലും, ശീതള പാനീയ ശാലകളിലും പരിശോധന നടത്തിയിട്ടുണ്ട്.

പൊതുജന പങ്കാളിത്തത്തോടെ ജാഗ്രത പകർച്ചവ്യാധി പ്രതിരോധപരിപാടി ജില്ലയിൽ നടത്തിവരുന്നു. ആശാ പ്രവർത്തകർ, ആരോഗ്യസേന അംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

ജാഗ്രതയുമായി ബന്ധപ്പെട്ട് ഫെബ്രുവരി 15 മുതൽ 28 വരെ ഡെങ്കിപ്പനി സാധ്യത ഉള്ള ഏരിയായിൽ ഊർജ്ജിത കൊതുക് നശീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു

ജില്ലയിൽ 22 മാർച്ച് 2018 മുതൽ 17 ഏപ്രിൽ വരെ ആരോഗ്യജാഗ്രതയുമായി ബന്ധപ്പെട്ട് സേഫ് വാട്ടർ ക്യാമ്പയിൻ സംഘടിപ്പിച്ചു.

## കോട്ടയം

കോട്ടയം ജില്ലയിൽ പ്രധാനമായും കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന പകർച്ചവ്യാധികൾ ഡെങ്കിപ്പനി, എലിപ്പനി, ജലജന്യരോഗങ്ങളായ മഞ്ഞപ്പിത്തം, വയറിളക്കരോഗം എന്നിവയാണ്. എച്ച്1എൻ1 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കോട്ടയം ജനറൽ ആശുപത്രിയിൽ ഒരു എച്ച്1എൻ1 സെൽ പ്രവർത്തിക്കുകയും പനി നിരീക്ഷണം ഊർജ്ജിതമായി നടത്തിവരുകയും ചെയ്യുന്നു. ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യുന്ന പ്രദേശങ്ങളിൽ ഫോഗിംഗ്, സ്പ്രേയിംഗ്, ഉറവിട നശീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെയും തദ്ദേശസ്വയംഭരണ, ആരോഗ്യ വകുപ്പുകളുടെ നേതൃത്വത്തിലും നടന്നു വരുന്നു.

എലിപ്പനി റിപ്പോർട്ട് ചെയ്യുന്ന പ്രദേശങ്ങളിൽ മാത്രമല്ലാതെ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്നവർക്കും പ്രതിരോധ ഗുളികകൾ നൽകുകയും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. വയറിളക്കരോഗങ്ങൾ ചെറുക്കാനായി ഹെൽത്തികേരള ക്യാമ്പയിൻ മുഖേന ഭക്ഷണശാലകളിലും ഹോസ്റ്റൽ കാന്റീനുകളിലും പ്രത്യേക പരിശോധനകളും കുടിവെള്ള സ്രോതസ്സുകളിലും മറ്റും ക്ലോറിനേഷൻ തുടങ്ങിയവയും സംഘടിപ്പിച്ചു വരുന്നു.

പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനായി സർക്കാരിന്റെ നിർദ്ദേശ പ്രകാരം ആരോഗ്യജാഗ്രത പദ്ധതിയുടെ ഭാഗമായി ജില്ലയിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുമേധാവികളുടെ യോഗം വിളിക്കുകയും ഇതര വകുപ്പുകൾ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെയ്യേണ്ട വിവിധ തരം ചുമതലകൾ വിശദീകരിക്കുകയും ചെയ്തു. കൂടാതെ ജില്ലയിലെ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കുമായി ആരോഗ്യജാഗ്രത യോഗം വിളിക്കുകയും മാസം തോറുമുള്ള പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കലണ്ടർ അടിസ്ഥാനത്തിൽ വിശദീകരിക്കുകയും തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്തു. ആരോഗ്യവകുപ്പ് ജീവനക്കാരുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു.

→

ഇടക്കി



[illegible]

[illegible]

[illegible] Minister of Electricity.

2. ArogyaSena Formation – District level inauguration conducted at District Hospital Thodupuzha on [illegible] January.

3. [illegible] Training for [illegible]SC members conducted at Azhutha and Idukki Block on [illegible].2018 & 30.01.2018

4. [illegible].2018 Co-Ordination committee meeting conducted at Collector's chamber.

5. Activities conducted in connection with ArogyaJagratha– **PrathidinamPrathirodham**' conducted on $20^{th}$ & $21^{st}$ January in all over the district. Total 30212 houses visited and 1728 members were participated in the programme.

6. W.H.SC meetings conducted in all panchayath wards. Micro plan prepared.

7. Hot spot identification and Suchitwa Mapping also done

8. Intersectoral meetings conducted in District, Block and Panchayath level.

9. Kerala Hotel & Restaurant Association Idukki& Kerala Health Department joint venture Health awareness programme '**SurakshithaBhakshanamArogyathinu**' seminar conducted at Kattappana, Munnar and Thodupuzha.

10. Conducted training on Control of communicable Diseases for Doctors –Pvt.&Govt & all field staff.

11. Special meeting for evaluating Jagratha for HS, HI & JHI 03.02.2018.

12. Institutional cleaning conducted on 14.02.2018.

13. Training for ArogyaSena members conducted at Vazhathope on $15^{th}$ Feb and Adimaly on $16^{th}$ Feb.

14. ArogyaSandeshaYathra started on $14^{th}$ February to $17^{th}$ February 2018.

15. On $15^{th}$ February Suchitwa Mapping training conducted at ManakkaduPanchayat

16. As a part of Leprosy Day observation, awareness programme, street play conducted in 13 places.
17. Nutritional awareness programmes conducted at Vattavada and Marayoor.
18. NDD district level inauguration conducted at St.George Higher Secondary School Kattappana by District Collector.
19. Orientation Classes conducted for NREGA workers at Thodupuzha Municipality. Total 250 members are attended the programme.
20. Healthy Kerala campaign at migrant sites conducted on 17/02/2018. 366 sites inspected.
21. Dengue hot spot area identified and weekly source reduction activities being conducted.
22. Healthy Kerala campaign conducted on 24.02.2018 at migrant sites. 77 sites were inspected.
23. On 24.02.2018 a special migrant screening camp conducted by DVC unit Idukki. 67 migrants screened.
24. 2nd meeting of district coordination committee conducted on 28.02.2018 under the chairmanship of District Collector.
25. On 01.03.2018 training on Malaria Surveillance given to Staff Nurse and Lab Technician.
26. A special evaluation meeting conducted at DMO (H) Idukki on 06.03.2018. 25 supervisors attended.
27. 07.03.2018 block level evaluation meeting conducted at Chithirapuram for HS, HI and JHI.65 staff participated.
28. On 08.03.2018 training conducted at DMO (H), Idukki for medical officers on Dengue cases management. 50 Medical officers participated.
29. On 21.04.2018 Healthy Kerala Campaign conducted at migrant camps.

## എറണാകുളം

മഴക്കാലത്തോടനുബന്ധിച്ച് 2018 ജനുവരി 1 മുതൽ ജലജന്യരോഗങ്ങളും ജന്തുജന്യരോഗങ്ങളും, കൊതുകുജന്യരോഗങ്ങളും നിയന്ത്രിക്കുന്നതിന് ആരോഗ്യജാഗ്രതാ പരിപാടിയുടെ ഭാഗമായി ഉറവിടനശീകരണം, കിണറുകളുടെ ക്ലോറിനേഷൻ, സേഫ് കേരള പരിശോധനകൾ മുതലായ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു. ജില്ലയിലെ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഡെങ്കിപ്പനി പരത്തുന്നതിന് കാരണമായ ഈഡിസ് കൊതുകുകളുടെ ഉറവിടങ്ങൾ കണ്ടെത്തി നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ കൊതുകുസാന്ദ്രത കൂടിയ സ്ഥലങ്ങളിലും, ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും ഫോഗിംഗ്, സ്പ്രേയിംഗ്, കൊതുക കൂത്താടി നശീകരണം എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു. മഞ്ഞപ്പിത്തം പകരുന്നത് മലിനജലം, മലിനമാക്കപ്പെട്ട ആഹാരം എന്നിവയിലൂടെ ആയതിനാൽ ഇതുമായി ബന്ധപ്പെട്ട ബോധവത്കരണം, തിളപ്പിച്ചാറിയ വെള്ളത്തിന്റെ ഉപയോഗം, ജലശുചിത്വം, വ്യക്തിശുചിത്വം, ആഹാരശുചിത്വം എന്നിവ പാലിക്കുന്നതിനുള്ള ബോധവത്കരണം എന്നിവ നടത്തി വരുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകളുടെ സൂപ്പർ ക്ലോറിനേഷൻ എല്ലാ മാസവും 8-ാമത്തെ പ്രവർത്തിദിനം നടത്തിവരുന്നു.

എലിപ്പനി പ്രതിരോധവുമായി ബന്ധപ്പെട്ട് ശുചീകരണ തൊഴിലാളികൾക്കും മറ്റു രോഗസാദ്ധ്യത കൂടിയ പ്രവർത്തന മേഖലകളിൽ പണിയെടുക്കുന്നവർക്കും ഡോക്സി സൈക്ലിൻ പ്രൊഫൈലാക്സിസ് നൽകുന്നതിനുള്ള മൃതസഞ്ജീവനി പരിപാടിയും ജില്ലയിൽ നടപ്പിലാക്കിവരുന്നു.

## തൃശ്ശൂർ

ആരോഗ്യജാഗ്രത പ്രോഗ്രാമിന്റെ ഭാഗമായി എല്ലാവിധ പ്രതിരോധ പ്രവർത്തനങ്ങളും ജില്ലയിൽ നടത്തിവരുന്നു. 13.06.2018 മുതൽ എം.എൽ.എ - മാരുടെ നേതൃത്വത്തിലുള്ള അവലോകനയോഗങ്ങൾ നടത്തിവരുന്നു.

## പാലക്കാട്

മഴക്കാല രോഗങ്ങൾ പടരാതിരിക്കാനായി ജാഗ്രത എന്ന പേരിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട്.

5.1.2018-ന് ജാഗ്രത പരിപാടിയുടെ ജില്ലാതല കോ-ഓർഡിനേഷൻ & മോണിറ്ററിംഗ് മീറ്റിംഗ് ബഹു. തുറമുഖ വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു. 21.12.2017 ന് പഞ്ചായത്ത് പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടേയും മീറ്റിംഗ് നടത്തി. മീറ്റിംഗിൽ അതാത് പ്രദേശത്തെ പ്രശ്നങ്ങൾക്കനുസൃതമായി കർമ്മപദ്ധതി രൂപപ്പെടുത്താൻ നിർദ്ദേശം നൽകി. ജില്ലയിലെ ആരോഗ്യജാഗ്രത പരിപാടിയുടെ ഉദ്ഘാടനം 21.01.2018 ന് തേങ്കുർശ്ശിയിൽ വെച്ച് സംഘടിപ്പിച്ചു. ആരോഗ്യജാഗ്രതയുമായി ബന്ധപ്പെട്ട പത്ര സമ്മേളനം 20.01.2018 ന് നടത്തിയിരുന്നു. വാർത്തകൾ ഗുണപരമായ ഫലം ചെയ്യുകയുണ്ടായി. വാർഡുതല മീറ്റിംഗുകൾ നടത്തി. ജാഗ്രതയുമായി ബന്ധപ്പെട്ട് മൈക്രോപ്ലാൻ തയ്യാറാക്കി. എല്ലാ വാർഡുകളിലും കർമ്മസേനകൾ രൂപീകരിച്ചു. ശുചിത്വമാപ്പിംഗ് നടത്തി. എല്ലാ വാർഡുകളിലും പരിശീലനങ്ങൾ സംഘടിപ്പിച്ചു. 731753 വീടുകളിൽ ആരോഗ്യ സന്ദേശങ്ങളടങ്ങിയ നോട്ടീസുകൾ എത്തിച്ചു. 205 ആരോഗ്യകേന്ദ്രങ്ങൾ ശുചീകരിച്ചു. ജാഗ്രതയുമായി ബന്ധപ്പെട്ട സ്പെഷ്യൽ മീറ്റിംഗുകൾ 138 എണ്ണം നടത്തി. 619 സ്പെഷ്യൽ ഗ്രാമസഭകൾ ജാഗ്രതയ്ക്കായി വിളിച്ചുചേർത്തു.

5253 ശുചിത്വസ്ക്വാഡുകൾ രൂപീകരിച്ചു. ചന്തകൾ/സ്ഥാപനങ്ങൾ/പൊതുസ്ഥലങ്ങൾ മുതലായ 851 ഇടങ്ങൾ വൃത്തിയാക്കി. മുൻകാലാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ 26 ഹൈറിസ്ക് പഞ്ചായത്തുകൾ തിരഞ്ഞെടുക്കുകയും, കൊതുക നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഒരു ക്യാമ്പയിൻ ഫെബ്രുവരി 15

മുതൽ 28 വരെയുള്ള കാലയളവിൽ നടപ്പിലാക്കുകയും ചെയ്തു. ഇതര സംസ്ഥാന തൊഴിലാളികളുടെ താമസ സ്ഥലങ്ങളും നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളും പരിശോധിച്ച് പ്രശ്ന പരിഹാരാർത്ഥം 28 നോട്ടീസുകൾ കൊടുത്തിട്ടുണ്ട്.

ആരോഗ്യ സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനു വേണ്ടി എല്ലാ ഹെൽത്ത് ബ്ലോക്കുകളിലും ആരോഗ്യസന്ദേശ യാത്ര പരിപാടി നടത്തി.

20.02.2018, 24.2.2018 എന്നീ തീയതികളിൽ 'ഹെൽത്തി കേരള' പരിശോധനകൾ വീടുകൾ, പ്ലാന്റേഷനുകൾ, നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങൾ, അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നടത്തി.

12.3.2018 ന് ജില്ലാതല ഇന്റർസെക്ടറൽ മീറ്റിംഗ് നടത്തി

7.4.2018, 8.4.2018 എന്നീ ദിവസങ്ങളിലായി ലോകാരോഗ്യദിന പരിപാടികൾ എല്ലാ ബ്ലോക്കുകളിലും നടത്തി.

മാർച്ച് 22 മുതൽ ഏപ്രിൽ 15 വരെ സുരക്ഷിതമായ കുടിവെള്ളം' പരിപാടി നടത്തി. ഇതിന്റെ ഭാഗമായി 11280 കിണറുകൾ ക്ലോറിനേഷൻ നടത്തി.

218 പമ്പ്ഹൗസുകൾ പരിശോധിച്ചു. 170 ജലസാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചു. 1027 ക്ലാസ്സുകൾ സംഘടിപ്പിച്ചു. 22084 പേർ പങ്കെടുത്തു. ഏപ്രിൽ 25 ന് ലോക മലമ്പനി ദിനാചരണം നടത്തി. ഏപ്രിൽ 27, 28 ന് കൊതുകുകളുടെ ഉറവിടനശീകരണ ക്യാമ്പയിൻ നടത്തി.

2.5.2018 ന് മലമ്പനി നിർമ്മാർജ്ജന ക്യാമ്പയിൻ ഉദ്ഘാടനം നടത്തി.

16.5.2018 ന് ഡെങ്കിപ്പനി ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം കൊപ്പത്ത് വച്ച് നടത്തി.

16.5.2018 മുതൽ 20.5.2018 വരെ ഊർജ്ജിത (കൊതുകിന്റെ) ഉറവിടനശീകരണ ക്യാമ്പയിൻ, പൊതുസ്ഥലങ്ങളുടെ ശുചീകരണം, പ്ലാന്റേഷനുകളിലെ (കൊതുകിന്റെ) ഉറവിടനശീകരണ ക്യാമ്പയിൻ, സ്ഥാപനങ്ങളുടെ പരിസരശുചീകരണം, 'ഡ്രൈഡേ' പ്രവർത്തനങ്ങൾ എന്നിവ നടപ്പാക്കിയിട്ടുണ്ട്.

29.5.2018 ന് സ്കൂളുകളിലെ ശുചിത്വ പരിശോധനയുമായി ബന്ധപ്പെട്ട 'ഹെൽത്തി കേരള' പരിപാടിയിൽ 526 സ്കൂളുകൾ പരിശോധിച്ചു. പ്രശ്ന പരിഹാരത്തിനായി 87 നോട്ടീസുകൾ നൽകി.

രോഗപ്രതിരോധ പ്രവർത്തനങ്ങളും ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളും തുടർന്നുകൊണ്ടിരിക്കുന്നു.

→

# CONSOLIDATED ACTIVITY REPORT OF AROGYA JAGRATHA IN MALAPPURAM DISTRICT

District level co-ordination and monitoring committee convened by Hon'ble District collector on 01.01.2018 at District Collectors Chamber. Discussed scenario of the communicable disease of the district and decided to implement Arogya Jagratha Programme in the district. District level inauguration of the Arogya Jagratha programme was conducted on 06.01.2018. The programme was inaugurated by Hon'ble LSGD Minister Sri. K T Jaleel. District Panchayath President, District Collector and other high profiled persons attended the programme.

## Other activities

- District level officers of DMO (H) office having charge of each health block will be monitoring the Arogya Jagratha programme.
- Hoardings and notices on Arogya Jagratha prepared.
- Press conference conducted – 19.01.2018
- State level virtual trainings for LSGIs of the district on 17.01.18 & 24.01.18 at Vengara & Wandoor.
- On 20.01.2018 cleaning campaign was conducted in about 118 health care institution.
- District level House to House campaign inauguration by Hon. Minister Sri. K T Jaleel on 21.01.2018 at Valanchery.
- House to house and institutional visit conducted by health workers and volunteers under the leadership of elected representatives. The campaign was continued, in the following days also.
- LSGD circular regarding Arogya Jagratha with detailed description of activities and timeline was sent to all institutions.
- Review meetings – Block level (08.02.18 & 09.02.178). District level (15.02.18 & 17.02.18).
- Trainings for various category – HS, HI & JPHN finished on 26.02.18

- On the basis of incidence of dengue fever, conducted Integrated Vector Management (IVM) as a campaign is being conducted from 15 the February and continued.
- Direct monitoring of dengue control activities at institutional level done from IDSP DSU.
- **Arogya Jagratha February time line programme have been on the final step of LSGI approval, final date of which warned by the district collector, in the district evaluation meeting on 06.03.2018, to be finished by all before 15th march.**
- **House to house survey, mappings, micro plan and formation of "Arogya Sena" are finished by majority and others are in the final steps in the few PHI's.**

## Arogya Jagratha Report in Malappuram

- No. of Local bodies conducted Arogya Jagratha Meeting - 121 Nos.
- No. of chairpersons and conveners trained - 2258 Nos.
- No. of wards conducted meeting - 2258 Nos.
- No. of wards made micro plan - 1967 Nos.
- No. of wards formed karmasena - 2258 Nos.
- No. of wards training completed - 1211 Nos
- No. of Municipality wards covered - 12 Nos.
- No. of Panchayath wards covered - 94 Nos.
- Total No. of Houses covered - 317025 Nos.
- No. of bit notice given - 317025 Nos.
- No. of Health institution cleaned - 589 Nos.
- No of LSGs where Jagratha Special meeting completed – 121 Nos.
- No of Jagratha special Gramasabha convened - 899 Nos.
- No of Wards Micro plan for suchitwa mapping completed - 1942 Nos.
- No of wards where Suchitwa Mapping is completed - 2045 Nos.
- No. of wards where micro plan submitted to LSGD - 1246 Nos.
- No. of wards with LSGI approved micro plan - 696 Nos.

Triprangod were migrant. Healthy Kerala campaign conducted on 20th February in migrant camp sites and continuing D&O trade inspections.

## Communicable disease data in 2016, 2017 & 2018 (Jan 1st to Feb 28th)

| Sl.No. | Name of Diseases | 2016 | | 2017 | | 2018 | |
|---|---|---|---|---|---|---|---|
| | | Case | Death | Case | Death | Case | Death |
| 1 | Dengue Fever | 40 | 0 | 21 | 0 | 22 | 0 |
| 2 | Sus: Dengue Fever | 194 | 0 | 136 | 0 | 33 | 0 |
| 3 | Malaria | 12 | 0 | 7 | 0 | 5 | 0 |
| 4 | Chikungunya | 0 | 0 | 0 | 0 | 0 | 0 |
| 5 | AES (Sus.JE) | 0 | 0 | 0 | 0 | 0 | 0 |
| 6 | Japanese Encephalitis (JE) | 0 | 0 | 0 | 0 | 0 | 0 |
| 7 | Leptospirosis | 0 | 0 | 3 | 1 | 8 | 0 |
| 8 | Sus: Leptospirosis | 10 | 0 | 9 | 0 | 10 | 3 |
| 9 | Hepatitis - A | 19 | 0 | 0 | 0 | 27 | 0 |
| 10 | Sus. Hepatitis - A | 282 | 0 | 286 | 0 | 154 | 0 |

| Sl.No. | Name of Diseases | | 2016 | | 2017 | | 2018 | |
|---|---|---|---|---|---|---|---|---|
| | | | Case | Death | Case | Death | Case | Death |
| 11 | Cholera | | 0 | 0 | 0 | 0 | 1 | 0 |
| 12 | Sus: Cholera | | 0 | 0 | 0 | 0 | 3 | 0 |
| 13 | Diphtheria | | 0 | 0 | 0 | 0 | 1 | 0 |
| 14 | Sus: Diphtherie | | 5 | 0 | 8 | 0 | 4 | 0 |
| 15 | Typhoid | | 12 | 0 | 2 | 1 | 0 | 0 |
| 16 | Sus. Typhoid | | 4 | 0 | 255 | 0 | 51 | 0 |
| 16 | ADD (Diarrhoea) | | 11376 | 0 | 11156 | 0 | 11375 | 0 |
| 17 | Scrub Typhus | | 0 | 0 | 0 | 0 | 0 | 0 |
| 18 | Kyasanur Forest Disease | | 0 | 0 | 0 | 0 | 0 | 0 |
| 19 | H1N1 | | 0 | 0 | 5 | 1 | 3 | 0 |
| 20 | Fever | OP | 57044 | 0 | 64720 | 1 | 53374 | 4 |
| | | IP | 603 | | 858 | | 538 | |

## Healthy Kerala Campaign

1. On 17th February Healthy Kerala campaign were conducted in migrant camps and labour sites

- 225 staff in 75 teams conducted inspection in 683 migrant sites, comprising 3757 migrants including women and children.
- Blood smear taken from 173 persons for testing malaria, 3 suspected TB cases and 13 suspected leprosy cases also were detected.
- 57 notice were issued based on PH act.

2. On 20th February Healthy Kerala campaign were conducted in Houses, Plantations, Construction sites and migrant camps and labour sites.

- 189 staff in 50 teams conducted inspection in 2032 houses, 65 plantations, 33 construction sites and 68 migrant sites.
- 23 notice were issued based on PH act.

3. On 24th February Healthy Kerala campaign also were conducted in Houses, Plantations, Construction sites and migrant camps and labour sites.

- 138 staff in 70 teams conducted inspection in 3587 houses, 452 institutions, 92 plantations, 70 construction sites and 204 migrant sites.
- 107 notice were issued based on PH act.

→

## കോഴിക്കോട്

മഴക്കാലത്ത് സാധാരണയായി ഉണ്ടാകുന്ന വൈറസ് പനിബാധ, ഡങ്കി, ചിക്കൻഗുനിയ എന്നിവയാണ്. കൊതുക് ജന്യരോഗങ്ങളായ ഡങ്കി, ചിക്കൻഗുനിയ എന്നീ രോഗങ്ങൾ തടയുന്നതിനായി ജാഗ്രത പരിപാടിയിൽ ഉൾപ്പെടുത്തി വാർഡു തലത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി കൊതുകിന്റെ ഉറവിടനശീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. മറ്റു വൈറസ് പനികൾ റിപ്പോർട്ട് ചെയ്യുമ്പോൾ അന്വേഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും വാർഡുതലത്തിലും പഞ്ചായത്ത് തലത്തിലും വി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ടീം രൂപീകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

## വയനാട്

മഴക്കാല രോഗങ്ങൾ തടയുന്നതിനായി ജില്ലയിലും എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും RRT പുനരുജ്ജീവിപ്പിച്ചു.

- ORS മരുന്നുകളുടെയും പ്രതിരോധ കുത്തിവെയ്പുകളുടെയും ലഭ്യത ഉറപ്പു വരുത്തി.
- കൊതുകുനശീകരണവും പനിസർവ്വേയും കാര്യക്ഷമമാക്കി.
- കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും ക്ലോറിനേഷൻ കാര്യക്ഷമമാക്കാനും നടപടി കൈക്കൊണ്ടു.
- കുരങ്ങുപനി നിയന്ത്രണത്തിനാവശ്യമായ പ്രതിരോധ വാക്സിൻ ലഭ്യമാക്കി.
- ആദിവാസി കോളനികളിൽ പ്രത്യേക ക്യാമ്പുകളും മറ്റു നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.
- ഇതര സംസ്ഥാന തൊഴിലാളികൾക്കു വേണ്ടിയുള്ള പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ബോധവത്കരണം നടത്തുകയും ചെയ്തുവരുന്നു.
- D & O Trade പരിശോധനകൾ എല്ലാ ആരോഗ്യസ്ഥാപനങ്ങളുടെയും കീഴിൽ ഊർജ്ജിതമായി നടത്തിവരുന്നു.
- സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്ന ജാഗ്രതാ ക്യാമ്പയിന്റെ ഭാഗമായുള്ള എല്ലാ പ്രതിരോധ ബോധവത്ക്കരണ പരിപാടികളും സമയബന്ധിതമായി നടപ്പിലാക്കി പോരുന്നു.
- ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികൾ നൽകുകയും രോഗപ്രതിരോധ നിയന്ത്രണങ്ങൾക്ക് ആവശ്യമായ എല്ലാ ഉപകരണങ്ങളും ലഭ്യമാക്കുകയും പ്രവർത്തന ക്ഷമത ഉറപ്പുവരുത്തുകയും ചെയ്തു.
- പകർച്ചവ്യാധി വിശകലനായോഗം എല്ലാ ആഴ്ചകളിലും നടത്തുകയും വിശദമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

ഗുണമേന്മ

## Arogya Jagratha Activities

- **District level launching of the Arogya jagratha** programme was conducted on 04.01.2018. The programme was inaugurated by Hon'ble Port Minister Sri. Kadannapally Ramachandran. District Panchayath President, District Collector and other high profiled persons attended the programme.
- **House visit campaign** inaugurated on 21.01.2018 at Puzhathi by Hon'ble Minister Sri. Kadannapally Ramachandran. District Panchayath President, Mayor of Kannur Corp , District Collector etc. participated. 321419 houses are covered and distributed bit notice to all households by Karmasena formed in 1544 wards. 311 health institutions and 411 public places are cleaned.
- **Markets and Public place cleaning campaigns** conducted as part of Arogya jagratha.
- **IVM in high risk Panchayath** : Listed twenty six high risk Panchayaths based on previous and current communicable disease data and mosquito density and implemented Integrated Vector management from 15th to 28th Feb. District Level inauguration of IVM on 16/02/2018 at Valapattanam
- **Healthy Kerala** - Inspection of Migrant settlements & construction sites on 17/02/18 across the district. Issued 56 correction notices against violation of public health norms.
- Conducted '**Arogya Sandesa Yathra**', covered all health blocks in the district.
- **Healthy Kerala** campaign conducted on 20.02.2018, 24.02.2018 & 21.04.2018. Inspected houses, plantations, construction site, migrant site and served notice on those who violated public health rule.
- **Dry day observance** - Friday at Schools, Saturday at Offices, and Sunday at Houses.
- Malaria vector study conducted at Parassinnkadavu, Payyannur Municipality and Kunnothuparamba. No malaria vector identified.
- **Zonal entomology team** conducted vector study at Mattannur Municipality and identified *Anopheles stepensi* – the urban vector of Malaria. Source reduction activities, larvicidal application, covering of overhead tank and underground water reservoir with mosquito proof net, guppy fish release, fogging, etc were carried out.
- Integrated vector management activities in the selected high risk areas From 15 to 28 Feb 2018. 13 wards in seven panchayaths identified. 157 health

squads involved in house visit, institution visit and container elimination campaign. ISS applied in 391 houses and fogging conducted 9 rounds. No of bit notice distributed – 10215. Larvicidal spraying conducted at Cherukunnu, chirakkal, Naduvil, Kadanapally, Kariyad, Pattuvam, Kunhimangalam, Parassinikadavu, Taliparamba Municipality, Payyannur, Valappattanam, Ulikkal and Payam.

- **Prathidhinam Prathirodham** – 22.03.2018 to 17.04.2018 :- Intervention in water scarcity area, awareness about the proper covering of storage water container and its weekly cleaning.
    - Mapped water borne disease high risk area and special campaign (Mass chlorination and awareness).
    - Inspected Migrant site - 54 Nos and issued correction notices.
    - Inspected Fair and Festival sites - 20 Nos. – ensured standard sanitation condition.
    - Inspected water pump house - 24 Nos.
    - Inspected eateries - 174 Nos.
    - No. of Wells chlorinated - 2334 Nos.
    - No. of water sample sent for Water quality monitoring - 27 Nos.
    - No. of Sensitization classes conducted - 58 Nos.
- **Dry containers / key containers elimination campaign** April 27th - 28th - Source reduction activities and dry containers elimination campaign conducted across the district in this connection. Fridge Tray, Tires, Coconut shell, broken glass Pots , Water tank, Egg Shell,ice cream cup, Tarpaulin sheet, disposible glass and plates, Building Terrace etc are identified as major breeding sources.
- **National dengue Day observance - 16.05.2018 to 20.05.2018.** District level inauguration conducted at neendunoki town of Kottiyoor panchayath. Planned to conduct intensified source reduction campaigns, cleaning campaigns, advocacy meetings, workshop, Plantation inspection and source reduction campaigns, integrated vector management, IEc activities etc.
- **Arogya Jagratha Review Meeting**: Convened by Hon'ble Health Minister KK Shylaja Teacher on 12.05.2.018. Mayor Kannur corp, District Panchayth President and other elected members, District Collector, Line Dept heads, community Dept heads from ACME and Kannur Medical college and other

NGOs participated. Reviewed the activities so far and decided to intensify containment activities especially source reduction activities, IVM and cleaning drives with active involvement of LSDGs.

## കാസർഗോഡ്

മഴക്കാല രോഗങ്ങൾ പടരാതിരിക്കാൻ ആരോഗ്യവകുപ്പ് ഫീൽഡുതല പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ജില്ലയിൽ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ശുചീകരണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വാർഡുതല ആരോഗ്യ ശുചിത്വ സമിതികളുടെ യോഗം ചേരുകയും പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾക്ക് രൂപം നൽകിവരുകയും ചെയ്തുവരുന്നു. ഫീൽഡുതല ആരോഗ്യപ്രവർത്തകർ വീടുകൾ തോറും കയറി ആരോഗ്യ-ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ജാഗ്രതയുടെ ഭാഗമായി ഓരോ വാർഡുകളിലും ആരോഗ്യ സ്ക്വാഡ് രൂപീകരിക്കുകയും ബോധവത്കരണ പ്രവർത്തനങ്ങളും കൊതുക്/കൂത്താടി നശീകരണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ഹെൽത്തി കേരളയുടെ ഭാഗമായി ജില്ലയിലെ സ്കൂളുകൾ തുറക്കുന്നതിനു മുമ്പ് തന്നെ അവയുടെ ശുചിത്വം ഉറപ്പു വരുത്തിയിട്ടുണ്ട്. ജലജന്യരോഗങ്ങൾ തടയുന്നതിന്റെ ഭാഗമായി കിണറുകൾ ക്ലോറിനേറ്റ് ചെയ്തു. പഞ്ചായത്തുകളിൽ ശുചിത്വ ഹർത്താലുകൾ നടത്തുകയും മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. IVM Activities ജില്ലയിൽ നടത്തിവരുന്നു. Dry container/Key Container elimination campaign നടത്തുകയും move to plantation campaign ജില്ലയിൽ നടത്തുകയും ചെയ്തു. സാമൂഹികാരോഗ്യകേന്ദ്രങ്ങൾ/താലൂക്ക് ആശുപത്രി/ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ പനിക്ലിനിക്കുകളും പനിവാർഡുകളും തുടങ്ങുകയും പനിയുമായി വരുന്ന രോഗികൾക്കായി പ്രത്യേകം ക്യൂ സംവിധാനവും ഏർപ്പെടുത്തി. ഡെങ്കിപ്പനി ബാധിച്ച് ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികളെ കൊതുകുവലയുടെ സംരക്ഷണം ഉപയോഗിച്ച് മറ്റ് രോഗികളിലേയ്ക്ക് അസുഖം പടരാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡെങ്കിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളിൽ ഫോഗിംഗ്, സ്പ്രേയിംഗ്, intensive source reduction activities, ISS എന്നിവ നടത്തിയിട്ടുണ്ട്. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ സഹായത്തോടുകൂടി കൊതുക സാന്ദ്രതാ പഠനങ്ങൾ നടത്തുകയും സാന്ദ്രത കൂടിയ പ്രദേശങ്ങളിൽ പ്രതിരോധപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. തീരദേശ പ്രദേശങ്ങളിൽ ഗപ്പി മത്സ്യങ്ങളെ നിക്ഷേപിച്ചു. കുടുംബശ്രീ, ആശാപ്രവർത്തകർ, ആരോഗ്യസേന, അംഗനവാടി വർക്കർമാർ, പുരുഷ സ്വയംസഹായ സംഘങ്ങൾ വഴി ഫീൽഡുതല പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി ബിറ്റ് നോട്ടീസ് വിതരണം നടത്തിയിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റ്, പ്രത്യേക ഗ്രാമസഭ എന്നിവ സംഘടിപ്പിച്ചു. ജാഗ്രതോത്സവത്തിന്റെ ഭാഗമായി പഞ്ചായത്ത് /ജില്ലാ /ബ്ലോക്ക് തലങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി.

04/01/2018 ന് കാഞ്ഞങ്ങാട് ഐ.എം.എ ഹാളിൽ വെച്ച് നടന്ന ആരോഗ്യജാഗ്രത കാസർഗോഡ് ജില്ലാതല ഉദ്ഘാടനം ബഹു.റവന്യൂ വകുപ്പ് മന്ത്രി നിർവ്വഹിച്ചു. ആരോഗ്യജാഗ്രതയുടെ ഭാഗമായി 8.1.2018 ന് ബൈക്ക് റാലിയും ഡോൾ പ്ലേയും നടത്തി. 10.01.2010 ന് ആരോഗ്യജാഗ്രതാ പ്രത്യേക പ്രദർശന മേളയും 17.01.2018 ന് എൽ.എസ്.ജി.ഡി മെമ്പർമാർക്ക് വിർച്വൽ ട്രെയിനിംഗും സംഘടിപ്പിച്ചു.

ഇന്റഗ്രേറ്റഡ് വെക്ടർ മാനേജ്മെന്റ് പ്രവർത്തനങ്ങൾ 15.02.2018 മുതൽ 23.02.2018 വരെ ജില്ലയിലെ മുഴുവൻ പ്രദേശങ്ങളിലും പ്രത്യേകിച്ച് ഹൈ റിസ്ക് പഞ്ചായത്തുകളിൽ നടത്തി. ജില്ലയിലെ ആരോഗ്യസന്ദേശയാത്രയുടെ ജില്ലാതല ഉദ്ഘാടനം 22.02.2018 ന് ബഹു.കാസർഗോഡ് എം.എൽ.എ നിർവ്വഹിച്ചു.

2.3.2018 ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി ജില്ലാ തല കോർഡിനേഷൻ കമ്മിറ്റി മീറ്റിംഗ് നടന്നു. 17.03.2018 ന് ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികളിലും സ്ഥാപനങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. പ്രതിദിനം പ്രതിരോധം. സെയ്ഫ് വാട്ടർ ക്യാമ്പെയിൻ, ജില്ലയിൽ 22.03.2018 മുതൽ 15.04.2018 വരെ സംഘടിപ്പിച്ചു. 21.04.2018 ന് ഹെൽത്തി കേരളയുടെ ഭാഗമായി ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിലിടങ്ങളിലും താമസസ്ഥലങ്ങളിലും പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു

21.04.2018 മുതൽ 23.04.2018 വരെ മൂവ് ടു പ്ലാന്റേഷൻ ക്യാമ്പയിൻ നടത്തി. മലമ്പനി നിർമ്മാർജ്ജന യജ്ഞത്തിന്റെ ഭാഗമായി 2.5.2018 ന് കാസർഗോഡ് കളക്ടേറ്റിൽ ജില്ലാതല വർക്ക്ഷോപ്പ് നടന്നു. 5.5.2018 ന് ജില്ലാതല അവലോകനയോഗം ചേർന്നു. 14.05.2018 ന് ബഹു. ആരോഗ്യവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് വ്യാപാര ഭവനിൽ ഡെങ്കിപ്പനി നിയന്ത്രണത്തിന്റെ ഭാഗമായുള്ള അവലോകനയോഗം ചേരുകയും തുടർ പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുകയും ചെയ്തു.

ദേശീയ ഡെങ്കിപ്പനി ദിനാചരണത്തിന്റെ ഭാഗമായി 16.05.2018 ന് കാസർഗോഡ് കളക്ടേറ്റിൽ ജില്ലാതല വർക്ക്ഷോപ്പ് നടന്നു. ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി പെരിയ സാമൂഹികാരോഗ്യകേന്ദ്രത്തിൽ ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അടിയന്തര യോഗം ചേർന്നു.

ഡെങ്കിപ്പനി പ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനു വേണ്ടി 23.05.2018 ന് കാസർഗോഡ് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അവലോകനയോഗം ചേർന്നു.